# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2732 18.08.2017- ൽ മറുപടിക്ക്**

**കഠിനംകുളം സെന്റ് മൈക്കിൾസ് ഹയർ സെക്കന്ററി സ്കൂളിൽ കെമിസ്ട്രി ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിലെ നിയമനം**

—

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | **പ്രൊഫ. സി.രവീന്ദ്രനാഥ്** **(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ കഠിനംകുളത്ത് പുതുതായി അനുവദിച്ച സെന്റ് മൈക്കിൾസ് ഹയർ സെക്കന്ററി സ്കൂളിൽ സർക്കാർ അനുവദിച്ച കെമിസ്ട്രി ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിൽ, പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും ത്രോൺ ഔട്ട് ആയ പ്രൊട്ടക്റ്റഡ് അദ്ധ്യാപികയെ മറികടന്ന് പുതുതായി ഗസ്റ്റ് അധ്യാപക നിയമനം നടത്തിയതായുള്ള പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കഠിനംകുളം സെന്റ് മൈക്കിൾസ് ഹയർ സെക്കന്ററി സ്കൂളിൽ കെമിസ്ട്രി ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിലെ ഗസ്റ്റ് നിയമനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല. |
| (ബി) മാനേജ്മെന്റ് നടത്തിയ പ്രസ്തുത നിയമനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി W.A. No. 140/2007 (ജയശ്രീ Vs ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ) എന്ന കേസിൽ 08.04.2009-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അന്തഃസത്തക്കും കെ.ഇ.ആർ. ചാപ്റ്റർ 14 എ, സെക്ഷൻ 51 എ-യുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ടീച്ചേഴ്സ് ബാങ്കിന്റെ ഉദ്ദേശ്യശുദ്ധിക്കും എതിരാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഹയർ സെക്കണ്ടറിയിൽ 51 A Claim ഉം ടീച്ചേഴ്സ് ബാങ്കും നിലവിലില്ല. |

| | | | |
|---|---|---|---|
| (സി) | മേൽ സൂചിപ്പിച്ച പരാതിയിന്മേൽ, കെ.ഇ.ആർ. ചാപ്റ്റർ 14 എ, സെക്ഷൻ 51 എ ഹയർ സെക്കന്ററി വിഭാഗത്തിന് ബാധകമാക്കിക്കൊണ്ടുള്ള ബഹുമാന പ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ വിധിതീർപ്പിന് അനുസൃത മായും അതിന്റെ അടിസ്ഥാനത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സംരക്ഷണം ഹയർ സെക്കണ്ടറിക്ക് ബാധകമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയില്ല |

സെക്ഷൻ ഓഫീസർ